**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - നഗരസഭാകമ്മ്യൂണിറ്റി ഓർഗനൈസർ ശ്രീമതി. മിനി.പി.കെ.മുതൽപേർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒഎ(ഇകെഎം) 1618/2019 നമ്പർ കേസിലെ 05.12.2019 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 753 /2021/തസ്വഭവ തീയതി, തിരുവനന്തപുരം, 24.03.2021

---

പരാമർശം : 1. 08.12.2015 തീയതിയിലെ സ.ഉ(കൈ)നം.350/2015/തസ്വഭവ

2. ശ്രീമതി. മിനി.പി.കെ.മുതൽ പേർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒഎ(ഇകെഎം) 1618/2019 നമ്പർ കേസിലെ 05.12.2019 തീയതിയിലെ വിധിന്യായം

3. ശ്രീമതി. മിനി.പി.കെ.മുതൽ പേർ സർക്കാരിൽ സമർപ്പിച്ച 19.12.2019 തീയതിയിലെ നിവേദനം.

4. നഗരകാര്യഡയറക്ടറുടെ 12.02.2021 തീയതിയിലെ ഇ 6-20605/2020 നമ്പർ കത്ത്.

## ഉത്തരവ്

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ കൊയിലാണ്ടി, വടകര നഗരസഭകളിൽ കുടുംബശ്രീ മുഖേന താൽക്കാലികമായി ജോലിചെയ്തുവരുന്ന കമ്മ്യൂണിറ്റി ഓർഗനൈസർമാരായ ശ്രീമതി.മിനി.പി.കെ, ശ്രീമതി. റീന വി.എസ്, ശ്രീമതി. പ്രസീത. എം.കെ. എന്നിവർ, തങ്ങളെ ടി തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന ആവശ്യവുമായി ബഹു.കേരള അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒഎ(ഇകെഎം) 1618/2019 നമ്പർ കേസിലെ പരാമർശം 2 ഉത്തരവുപ്രകാരം അപേക്ഷകർ സർക്കാർ മുമ്പാകെ ഒരു മാസത്തിനുള്ളിൽ നിവേദനം സമർപ്പിക്കണമെന്നും, സർക്കാർ ഇക്കാര്യം അനക്ഷ്വർ എ 6 (*സ.ഉ(എം.എസ്)നം. 350/2015/തസ്വഭവ ഉത്തരവ്*) പ്രകാരം പരിശോധിച്ച് അപേക്ഷകരെയും 3,4 എതിർകക്ഷികളെയും നേരിൽകേട്ട് 3 മാസത്തിനകം ഉത്തരവാകണമെന്നും നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി.മിനി.പി.കെ, ശ്രീമതി. റീന വി.എസ്, ശ്രീമതി. പ്രസീത. എം.കെ. എന്നിവർ സർക്കാരിൽ സമർപ്പിച്ച പരാമർശം 2 നിവേദനം പ്രകാരം അപേക്ഷകർ 16 വർഷത്തിലേറെയായി കൊയിലാണ്ടി, വടകര നഗരസഭകളിൽ കമ്മ്യൂണിറ്റി

ഓർഗനൈസർമാരായി ജോലി ചെയ്തുവരുന്നതായും 29.07.2011,04.07.2010 തീയതികളിലെ സർക്കാർ ഉത്തരവ് പ്രകാരം കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ പ്രവർത്തനങ്ങൾ, പ്രതിഫലം മുതലായവ നിശ്ചയിച്ചിട്ടുണ്ട് എന്നും അതിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റികളിൽ തുടരുന്ന അപേക്ഷകരെ പരാമർശിക്കുകയും ടിയാളുകളുടെ റെഗുലറൈസേഷൻ/പുനർവിന്യാസം എന്നിവയ്ക്ക് ആവശ്യമായ ഉത്തരവുകൾ നൽകിയിട്ടുള്ളതാണെന്നും അറിയിച്ചിരുന്നു. കൂടാതെ അപേക്ഷകരും സമാനമായി ജോലിചെയ്യുന്ന താൽക്കാലിക കമ്മ്യൂണിറ്റിഓർഗനൈസർമാരും വർഷങ്ങളായി സേവനമനുഷ്ഠിക്കുന്നുണ്ടെങ്കിലും അവരുടെ നിയമനങ്ങൾ ക്രമീകരിക്കപ്പെടുന്നില്ലായെന്നും 06.12.2015 ലെ ഉത്തരവ് പ്രകാരം അപേക്ഷകരേക്കാൾ ജൂനിയർമാരായ കോഴിക്കോട് കോർപ്പറേഷനിലെ കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ നിയമനം ക്രമീകരിച്ചിട്ടുള്ളതാണെന്നും ആയതിനാൽ കൊയിലാണ്ടി, വടകര മുനിസിപ്പാലിറ്റികളിലെ കമ്മ്യൂണിറ്റി ഓർഗനൈസർമാരായ അപേക്ഷകരുടെ സേവനം 2003 മുതൽ ക്രമീകരിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

3. ഒ.എ(ഇ.കെ.എം) 1618/2019 കേസിൻമേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് 05/12/2019 തീയതിയിലെ പ്രകാരം, കൊയിലാണ്ടി നഗരസഭയിൽ NULM കമ്മ്യൂണിറ്റി ഓർഗനൈസർ ആയി ജോലിചെയ്യുന്ന ശ്രീമതി. മിനി.പി.കെ, ശ്രീമതി. റീന വി. എസ്., വടകര നഗരസഭയിൽ NULM കമ്മ്യൂണിറ്റി ഓർഗനൈസർ ആയി ജോലിചെയ്യുന്ന ശ്രീമതി.പ്രസീത എം.കെ., കൊയിലാണ്ടി നഗരസഭാസെക്രട്ടറി ശ്രീ.സുരേഷ് കുമാർ എൻ, വടകര നഗരസഭസെക്രട്ടറി ശ്രീ.അരുൺരംഗൻ, നഗരകാര്യഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി. ലത എസ്. എ.,സെക്ഷൻ ക്ളർക്ക് അനീഷ്.വി എന്നിവരെ online platform മുഖാന്തരം തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർസെക്രട്ടറി 23.12.2020-ൽ രാവിലെ 11.30-ന് നേരിൽ കേട്ടിരുന്നു..

4. കോഴിക്കോട് കോർപ്പറേഷന്റെ കീഴിൽ 10 വർഷത്തിലധികമായി ജോലി ചെയ്തുവന്നിരുന്ന കമ്മ്യൂണിറ്റി ഓർഗനൈസർമാരെ മുനിസിപ്പൽ കോമൺ സർവ്വീസിലെ മിസലേനിയസ് കേഡറിൽ ഉൾപ്പെടുത്തി സ.ഉ(എം.എസ്)നം. 350/2015/തസ്വഭവ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുള്ളതിനാൽ, സമാനരീതിയിൽ ജോലി ചെയ്യുന്ന കൊയിലാണ്ടി, വടകര മുനിസി പ്പാലിറ്റികളിൽ കമ്മ്യൂണിറ്റി ഓർഗനൈസർമാരായ അപേക്ഷകരെ സ്ഥിരപ്പെടുത്തണമെന്ന് ടിയാളുകൾ ഹിയറിംഗ് സമയത്ത് ആവശ്യപ്പെട്ടിരുന്നു.

5. നഗരകാര്യവകുപ്പ് ഡയറക്ടറുടെ പരാമർശം 4 റിപ്പോർട്ട് പ്രകാരം കൊയിലാണ്ടി നഗരസഭയിൽ ശ്രീമതി.മിനി.പി. കെ, ശ്രീമതി. റീന വി. എസ്., എന്നിവർ 2003,2007 വർഷം മുതൽ SJSRY പദ്ധതി പ്രകാരം കമ്മ്യൂണിറ്റി ഓർഗനൈസർമാരായി ജോലി ചെയ്തിരുന്നുവെന്നും ടിയാളുകളെ കുടുംബശ്രീ ഡയറക്ടറുടെ നിർദ്ദേശപ്രകാരമാണ് കുടുംബശ്രീ ഗവേണിംഗ് ബോഡി തീരുമാനപ്രകാരം കമ്മ്യൂണിറ്റി ഓർഗനൈസർമാരായി നിയമിച്ചിട്ടുള്ളതെന്നും SJSRY,NSDP, VAMBAY,IHDP തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പിന്തുണ സംവിധാനം, അയൽക്കൂട്ട ശാക്തീകരണം, ദാരിദ്ര്യലഘൂകരണ പരിപാടികൾ എന്നീ പ്രവർത്തികൾക്ക് മുഴുവൻസമയ പ്രവർത്തകരായി തുച്ഛമായ ഹോണറേറിയത്തിലാണ് ഇവർ പ്രവർത്തിച്ചുവരുന്നതെന്നും, 2017 ജൂലായ് മാസം മുതൽ ടിയാളുകൾ NULM

കമ്മ്യൂണിറ്റിഓർഗനൈസർമാരായി കൊയിലാണ്ടി നഗരസഭയിൽ തുടർന്നുവരുന്നതാണെന്നും കൊയിലാണ്ടി നഗരസഭ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി അറിയിച്ചിരുന്നു. വടകര നഗരസഭയിൽ കുടുംബശ്രീ വിഭാഗത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളായ SJSRY, NSDP, VAMBAY എന്നീ പദ്ധതികൾ സമയബന്ധിത മായി നിർവ്വഹണം നടത്തുന്നതിന് 2002 വർഷത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിർദ്ദേശാനുസരണം SJSRY പദ്ധതിയിൽ A& OE ഘടക ത്തിൽനിന്ന് ഹോണറേറിയം നൽകി ശ്രീമതി. പ്രസീദ എം കെ-യെ കുടുംബശ്രീ കമ്മ്യൂണിറ്റി ഓർഗനൈസറായി 20.12.2002-ൽ നിയമിച്ചിട്ടുണ്ടെന്നും ടിയാൾ കേന്ദ്രസർക്കാർ NULM പദ്ധതിയുടെ കീഴിൽ കമ്മ്യൂണിറ്റി ഓർഗനൈസറായി നിയമിക്കപ്പെടാൻ അപേക്ഷിക്കുകയും വടകര നഗരസഭയിൽ തന്നെ NULM പദ്ധതിയ്ക്ക് കീഴിൽ കമ്മ്യൂണിറ്റി ഓർഗനൈസറായി ഹോണറേറിയം വ്യവസ്ഥയിൽ താൽക്കാലികമായി പുനർനിയമിക്കപ്പെടുകയും ചെയ്തിട്ടുള്ളതായും വടകര നഗരസഭ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായും നഗരകാര്യ ഡയറക്ടർ അറിയിച്ചിരുന്നു.

6. സർക്കാർ ഇക്കാര്യം മേൽ വിഷയം സംബന്ധിച്ച സർക്കാർ ഉത്തരവുകളുടേയും അപേക്ഷകരുടെ വാദങ്ങളുടേയും മറ്റ് രേഖകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വിവിധ നഗരസഭകളിൽ കുടുംബശ്രീ വിഭാഗത്തിൽ നിരവധി കമ്മ്യൂണിറ്റി ഓർഗനൈസർമാർ ജോലി ചെയ്തു വരുന്നുണ്ട്. വിവിധ നഗരസഭകളിലെ കുടുംബശ്രീ വിഭാഗത്തിൽ താൽക്കാലികമായി ജോലി ചെയ്യുന്ന കമ്മ്യൂണിറ്റി ഓർഗനൈസർമാർ നഗരസഭയുടെ അനുവദനീയമായ തസ്തികയല്ല. ആയത് കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് അതാത് നഗരസഭാ കൗൺസിൽ താൽക്കാലികമായി നിയമിക്കുന്നവരാണ്. നഗരകാര്യഡയറക്ടറുടെയോ സർക്കാരിന്റെയോ അറിവോടെയല്ല ടിയാൾക്കാരെ താൽക്കാലികമായി നിയമിക്കുന്നത്.

7. കോഴിക്കോട് നഗരസഭയുടെ കീഴിൽ 10 വർഷത്തിലധികമായി ജോലിചെയ്തുവന്ന കമ്മ്യൂണിറ്റി ഓർഗനൈസർമാർ, വേതനവർദ്ധനയും ജോലിസ്ഥിരതയും ആവശ്യപ്പെട്ട് 2014 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ, നിരാഹാരസമരം നടത്തുകയും ടിയാളുകളെ സ്ഥിരപ്പെടുത്താമെന്ന് മുഖ്യമന്ത്രി ഉറപ്പുനൽകിയതിനെത്തുടർന്ന് ടി സമരം ഒത്തുതീർപ്പാക്കുകയും ചെയ്തു. എന്നാൽ കുടുംബശ്രീ സംവിധാനത്തിൽ ഗാർഹികമാലിന്യ ശേഖരണത്തിനായി നിയോഗിക്കപ്പെട്ട 600 ൽപ്പരം അംഗങ്ങളുള്ളതിനാൽ കമ്മ്യൂണിറ്റി ഓർഗനൈസർമാരെ സ്ഥിരപ്പെടുത്തിയാൽ ഇതേ ആവശ്യമുന്നയിച്ച് കൂടുതൽ ആൾക്കാരിൽനിന്ന് അപേക്ഷ ലഭിക്കുന്നത് നഗരസഭയ്ക്ക് താങ്ങാനാവാത്ത ബാദ്ധ്യത വരുത്തി വയ്ക്കുന്നതാണെന്ന് നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ താൽക്കാലികമായി ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്താൻ സർക്കാർ ഉത്തരവുകളൊന്നും നിലവിലില്ലാത്തതുമാണ്. എന്നാൽ മുഖ്യമന്ത്രി ഇക്കാര്യത്തിൽ സമരക്കാർക്ക് ഉറപ്പ് നൽകിയതിന്റെയടിസ്ഥാനത്തിൽ, മന്ത്രിസഭതീരുമാനം പ്രകാരം 08.12.2015 തീയതിയിലെ സ.ഉ.(കൈ.)നം.350/2015/തസ്വഭവ- ഉത്തരവ് പ്രകാരം, കോഴിക്കോട് നഗരസഭയുടെ കീഴിൽ 10 വർഷത്തിലധികമായി ജോലിചെയ്തുവന്ന 8 കമ്മ്യൂണിറ്റി ഓർഗനൈസർമാരെ മുനിസിപ്പൽ കോമൺ സർവ്വീസിലെ മിസലേനിയസ് കേഡറിൽ ഉൾപ്പെടുത്തി സ്ഥിരനിയമനം നൽകിയിരുന്നു.

8. പരിമിതമായ ജോലി ആവശ്യങ്ങൾക്കായി ചില പ്രത്യേക സാഹചര്യങ്ങളിൽ സാങ്ഷൻ ചെയ്തിട്ടില്ലാത്ത തസ്തികകളിൽ നിയമിക്കപ്പെട്ടവർക്ക്, അവർ ദീർഘകാലം പ്രസ്തുത തസ്തികകളിൽ ജോലി ചെയ്തുവെങ്കിൽകൂടി സ്ഥിരനിയമനത്തിന് അർഹതയില്ലെന്ന് Anilkumar E K Vs State of Kerala(CDJ 2017 Ker HC 826 എന്ന കേസിൽ ബഹു. ഹൈക്കോടതി നിരീക്ഷിച്ചിട്ടുള്ളതാണ്, കൂടാതെ Secretary,State of Karnataka Vs Umadevi(AIR 2006 SC 1806) എന്ന കേസിലെ ബഹു സുപ്രീം കോടതിയുടെ അഞ്ചംഗ ഭരണഘടനാ ബഞ്ചിന്റെ വിധിന്യായപ്രകാരം നിബന്ധനകൾക്ക് വിധേയമായി മാത്രമേ താൽക്കാലിക നിയമനങ്ങൾ റഗുലറൈസ് ചെയ്യാൻ പാടുള്ളൂ. അപേക്ഷകരായ കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ കാര്യത്തിൽ മേൽ വിധിന്യായപ്രകാരമുള്ള നിബന്ധനകൾ പാലിക്കപ്പെട്ടുന്നില്ലായെന്നും കണ്ടിരുന്നു. പ്രസ്തുത സാഹചര്യത്തിൽ ബഹു.സുപ്രീം കോടതിയുടെ അഞ്ചംഗ ഭരണഘടനാ ബഞ്ചിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് ബഹു സുപ്രീം കോടതി വിധിന്യായത്തിന്റെ ലംഘനമാകുന്നതാണ്. കോഴിക്കോട് നഗരസഭയിൽ കമ്മ്യൂണിറ്റി ഓർഗനൈസർമാരെ സ്ഥിരപ്പെടുത്തിയ ഉത്തരവിൽ സുപ്രീം കോടതിവിധി പരിഗണിച്ചിരുന്നില്ല

9. മേൽ സാഹചര്യത്തിൽ ഒ.എ(ഇ.കെ.എം) 1618/2019 -നുമേൽ 05/12/2019 തീയതിയിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം, കൊയിലാണ്ടി, വടകര നഗരസഭകളിലെ കമ്മ്യൂണിറ്റി ഓർഗനൈസർമാരായ ശ്രീമതി.മിനി.പി.കെ, ശ്രീമതി. റീന വി. എസ് ശ്രീമതി.പ്രസീത എം.കെ. എന്നിവർ സർക്കാരിൽ സമർപ്പിച്ച 19.12.2019-ലെ നിവേദനത്തിലെ ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ആയത് നിരസിച്ച് ഉത്തരവാകുന്നു.

10. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 05.12.2019 ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ജെയ്സി പോൾ**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, എറണാകുളം.( ആമുഖ കത്ത് സഹിതം)

ശ്രീമതി.മിനി.പി.കെ,കമ്മ്യൂണിറ്റിഓർഗനൈസർ,കൊയിലാണ്ടി നഗരസഭ

ശ്രീമതി. റീന വി. എസ്, കമ്മ്യൂണിറ്റിഓർഗനൈസർ, കൊയിലാണ്ടി നഗരസഭ

ശ്രീമതി.പ്രസീത,എം.കെ, കമ്മ്യൂണിറ്റിഓർഗനൈസർ, വടകര നഗരസഭ

സെക്രട്ടറി, കൊയിലാണ്ടി/വടകര നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ